**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 391** **05-10-2021 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ ഉപ്പുകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രസ്തുത ബഡ്ജറ്റിൽ 20% തുക നീക്കി വച്ചിട്ടുള്ളതുമായ പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ ഉപ്പുകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ എസ്റ്റിമേറ്റിൽ തുക വർദ്ധിച്ചതിനാൽ അനുമതി ഇനിയും ലഭിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എം.എൽ.എ. നിർദ്ദേശിച്ച പ്രകാരം ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും, 20% തുക നീക്കിവയ്ക്കുകയും ചെയ്ത പ്രസ്തുത പദ്ധതിയ്ക്ക് അധിക തുകയുൾപ്പെടെ ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | സ്വീകരിച്ചിട്ടുണ്ട്. (20% തുക വകയിരുത്തിയിട്ടുള്ള പദ്ധതി എന്ന നിലയിൽ ആദ്യ അടങ്കൽ തുകയായ 2 കോടി രൂപയ്ക്ക് 20% എന്ന നിലയിൽ 40 ലക്ഷം രൂപ 2021-22ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 2 കോടിയിൽ നിന്ന് 3കോടി 30 ലക്ഷമായി അധികരിച്ചപ്പോൾ, അധികരിച്ച അടങ്കലിന്റെ 20% തുകയായ 26 ലക്ഷം രൂപ ഉചിത ശീർഷകങ്ങളിൽ കണ്ടെത്തി ഭരണാനുമതി പുറപ്പെടുവിക്കാനും അധിക തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ അധിക ധനാനുമതിക്ക് സർക്കാരിനെ സമീപിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.) |

സെക്ഷൻ ഓഫീസർ